# ഉപഘടനാവാദവും ബോധവും

**മുകുന്ദനുണ്ണി.**

**കേരളീയം, ലക്കം 2, 2007, ഫെബ്റുവരി. പേജ് 41.**

ജനിതകപരമായി മുൻകൂർ രൂപം കൊണ്ട ഘടനയാണ് ബോധനത്തിന്റേത്. അത് കുറേ ഉപഘടനകളായാണ് ക്രമീകരിച്ചിരിക്കുന്നത് എന്ന ഉപഘടനാവാദം ഉണ്ട്. മാതൃഭാഷയുടെ വ്യാകരണത്തിൽ പ്രാവീണ്യം നേടാൻ നമ്മുടെ ഉള്ളിലുള്ള ഘടന ആവശ്യമാണ് എന്ന ചോംസ്കിയുടെ ഭാഷാശാസ്ത്രപരമായ കണ്ടെത്തൽ (ഏകദേശം ന്യായീകരിക്കപ്പെട്ട ഊഹം) ബോധന ശാസ്ത്രത്തിലെ ഉപഘടനാവാദത്തിലെ ഒരു വലിയ കാൽവെപ്പാണ്.

ബോധത്തേയും മനസ്സിനേയും മസ്തിഷ്ക ശാസ്ത്രത്തിന്റെ രീതിയിൽ വിശദീകരിക്കുന്നവരിൽ ഒരു കൂട്ടം, നാടോടി മനഃശ്ശാസ്ത്രത്തിന്റെ വാദങ്ങളൊന്നും കാര്യമായി കണക്കാക്കുന്നില്ല. എന്നാൽ നാടോടി മനഃശ്ശാസ്ത്രജ്ഞർ വാദിക്കുന്നത് നേരത്തെ പറഞ്ഞവർക്ക് വിശ്വാസം, ആഗ്രഹം തുടങ്ങിയവ ഇല്ലാത്ത കാര്യങ്ങളാണ് എന്നാണ്. ഇന്ന് സാധാരണ ജീവിതത്തിൽ മനുഷ്യർ ചിന്തിക്കുന്ന ഒരുപാട് രീതികളെ രക്ഷിക്കാനാണ് നാടോടി മനഃശ്ശാസ്ത്രജ്ഞർ ശ്രമിക്കുന്നത്.

മനുഷ്യർ പഠിക്കുന്നത് അനുഭവങ്ങളിൽ നിന്നാണ് എന്ന വാദത്തിന് വിലങ്ങ് നില്ക്കുന്നത് ഈ കാര്യങ്ങളാണ്: എങ്ങിനെയാണ് വളരെ പെട്ടെന്ന് കുട്ടികൾ കുറേ കാര്യങ്ങൾ പഠിക്കുന്നത്? അവർക്ക് ചുറ്റുപാടുകളിൽ നിന്നും കിട്ടുന്നത് വളരെ കുറച്ച് കാര്യങ്ങളായിട്ടുകൂടി. ചോംസ്കി മാതൃഭാഷയുടെ കാര്യത്തിലാണ് ഇത് പറഞ്ഞത്. കുട്ടികൾക്ക് കിട്ടുന്നത് രക്ഷിതാക്കളുടെ കൊഞ്ഞലും കുഴയലുമാണ്. അതിൽ നിന്ന് കുഞ്ഞുങ്ങൾ വലിയ വാചകങ്ങളുണ്ടാക്കുന്നു. ചോംസ്കിയുടെ വാദത്തെ ഉറപ്പിക്കുന്നത് ഇതാണ്.

തലച്ചോറിന് ക്ഷതം സംഭവിച്ചവരെ പഠിച്ചതിൽ നിന്ന് മനസ്സിന്റെ ഉപഘടന സിദ്ധാന്തം ശരിയാണെന്ന് തോന്നിപ്പിക്കുന്ന തെളിവുകളുണ്ടായിട്ടുണ്ട്. ഉദാഹരണത്തിന് മുഖം തിരിച്ചറിയാനാവാത്ത അസുഖം (prosopagnosia). ഈ രോഗിയ്ക്ക് മുഖമൊഴിച്ച് മറ്റെല്ലാം തിരിച്ചറിയാനാവും. മുഖം തിരിച്ചറിയുന്നതിന് സഹായിക്കുന്ന തലയിലെ ന്യൂറോണുകൾ ക്ഷതം സംഭവിച്ചതാണ് കാരണം. അതായത് മുഖം തിരിച്ചറിയാൻ സഹായിക്കുന്ന തലച്ചോറിന്റേതായ ഇടം ഉണ്ടെന്ന് അർഥം. വായിക്കുമ്പോഴോ ഭാഷയിൽ വല്ലതും കേൾക്കുമ്പോഴോ മസ്തിഷ്കം സ്കാൻ ചെയ്തപ്പോൾ സിൽവിയൻ ഫിഷറിന് (sylvian fissure) തൊട്ടടു

ത്തുള്ള ബ്രോക്കാസ് സ്ഥലത്താണ് (brocca's area) പ്രവർത്തനം നടക്കുന്നതായി കണ്ടത്. ഇത് തലയുടെ ഇടത്തെ ഭാഗത്താണ് – ലെഫ്റ്റ് ഹെമിസ്ഫീയറിൽ. ഈ ഭാഗത്ത് ക്ഷതം പറ്റിയാൽ രോഗിയ്ക്ക് പതുക്കെയും വ്യാകരണ പിശകോടെയുമേ സംസാരിക്കാനാവൂ. സിൽവിയൻ ഫിഷറിന്റെ മറ്റേ ഭാഗത്ത് (wernicke's area) ക്ഷതം പറ്റിയാൽ വ്യാകരണ പിശകില്ലാതെ വളരെ ഒഴുക്കോടെ സംസാരിക്കാൻ കഴിയും. പക്ഷെ വാക്കുകൾ അസ്ഥാനത്ത് പറയുകയോ അർഥ രഹിതമായ ശബ്ദങ്ങൾ പുറപ്പെടുവിക്കുകയോ ചെയ്യും. ഇത് സൂചിപ്പിക്കുന്നത് വാക്കുകളുടെ നിഘണ്ടുവായി പ്രവർത്തിക്കുന്നത് വെർനിക്ക്സ് ഏരിയയും വാചക ഘടനയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത് ബ്രോക്കാസ് ഏരിയയുമാണ് എന്നാണ്. ഇതെല്ലാം ഉപഘടനാ സിദ്ധാന്തത്തെ സ്ഥിരീകരിക്കുന്നതാണ്. എന്നാൽ ഡോ. എം രാധാകൃഷ്ണൻ 1990 ൽ എഴുതിയ ഒരു പ്രബന്ധത്തിൽ ഉപഘടന സിദ്ധാന്തത്തിന്റെ പോരായ്മകൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. മസ്തിഷ്കക്ഷതം കൊണ്ട് അഫേസിയ (aphasia) എന്ന ഭാഷ പ്രയോഗിക്കാനുള്ള കഴിവുകേട് ഉണ്ടാവുന്നവർക്ക് മാതൃഭാഷ മറന്നുപോകുകയും ഇനിയും പഠിക്കാൻ കഴിയാതിരിക്കുമെങ്കിലും പുതിയ ഭാഷ പഠിക്കാൻ കഴിയുന്നുണ്ടെന്ന് ചൂണ്ടിക്കാട്ടുന്നു. ഇത് സൂചിപ്പിക്കുന്നത് ഒന്നുകിൽ ഈ ഭാഗങ്ങളിൽ മാത്രമല്ല ഭാഷക്കഴിവ് സ്ഥിതി ചെയ്യുന്നത് എന്നാണ്. അല്ലെങ്കിൽ ക്ഷതം വന്ന ഭാഗങ്ങളെ മറികടന്ന് മസ്തിഷ്കം പുതിയ നെറ്റ്‌വർക്ക് ഉണ്ടാക്കുന്നുണ്ട് എന്നാണ്.

മസ്തിഷ്കത്തെ സ്കാൻ വഴി അറിയാനാവുന്നതാണ് ഉപഘടന സിദ്ധാന്തത്തിന്റെ ബലം. പക്ഷെ ഈ രീതിയ്ക്ക് ഒരുപാട് പോരായ്മകളുണ്ട്. സ്കാൻ ചെയ്യുമ്പോൾ തലയിളക്കാതെ ചെയ്യുന്ന കാര്യങ്ങളേ ചെയ്യാൻ പറ്റൂ. പന്തുകളിക്കുമ്പോൾ സ്കാൻ ചെയ്യാൻ പറ്റില്ല. ഉപഘടനകൾ പ്രവർത്തിക്കുന്നത് ഒന്ന് മറ്റൊന്നിൽ നിന്ന് വേറിട്ടാണ്. എന്നാൽ മസ്തിഷ്കത്തിൽ ഇവയെ ചേർത്തുതൊടുവിക്കുന്ന പ്രവർത്തനങ്ങളും ഉണ്ട്. ഈ പ്രവർത്തനം ഉപഘടനകളിലൂടെയല്ല എന്നു പറയുന്നവരുണ്ട് (ഫോഡോർ). മാത്രമല്ല ഈ ഉത്ഘ്രഥന പ്രവർത്തനം നടക്കുന്നത് ഒരു പ്രത്യേക ഇടത്തിലല്ല എന്നും. എന്നാൽ ഇതിന് മറുപടിയായി ഉപഘടന സൈദ്ധാന്തികർ പറയുന്നത് പരികല്പനകളെ കൈകാര്യം ചെയ്യുന്ന ഉപഘടനയാണ് ഈ ഏകോപനം സാധ്യമാക്കുന്നത് എന്നാണ്.